**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3994** **03-03-2023 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയക്കായി ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്യുന്ന ആളുകളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഏത് നിരക്കിൽ ആണ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ അവയവ ലഭ്യതയ്ക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഈടാക്കാറുണ്ട്. വൃക്കയ്ക്ക് 2000 രൂപയും, മറ്റ് അവയവങ്ങളായ കരൾ, ഹൃദയം, പാൻക്രിയാസ്, ചെറുകുടൽ, ശ്വാസകോശം, കൈകൾ എന്നിവയ്ക്ക് 5000 രൂപയുമാണ് ഈടാക്കുന്നത് |
| (ബി) | ഏത് നിയമത്തിന്റെ/ഗൈഡ് ലൈനിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 18.03.2013 ലെ സ.ഉ (സാധാ) നം. 913/2013/ ആ.കു.വ പ്രകാരമാണ് ഫീസ് ഈടാക്കുന്നത് |
| (സി) | ഇപ്രകാരം ഫീസ് ഈടാക്കുന്നത് നിയമവിരുദ്ധമാണോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ നിയമത്തിലും (Transplantation of Human Organs Act) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ 2014 ൽ നിലവിൽ വന്ന ചട്ടങ്ങളിലും (Transplantation of Human Organs and Tissues Rules) മരണാനന്തര അവയവമാറ്റത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് യാതൊന്നും പരാമർശിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ